## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2248 10.10.2011 ൽ മറുപടിക്ക്

### അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) തൃശ്ശൂർ ജില്ലയിൽ ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളി വഴി തമിഴ്നാട്ടിലെ കോയമ്പത്തൂർ , തിരുപ്പൂർ എന്നീ സ്ഥലങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പരമ്പരാഗതകൈത്തറി വ്യവസായത്തിന്റെ കേന്ദ്രമായ കുത്താമ്പുള്ളിയിൽ നിന്നും ദിവസവും വളരെയധികം ആളുകൾ തമിഴ്നാട്ടിലെ പ്രസ്തുത സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുന്ന വിവരം അറിയുമോ; | (ബി) അറിയാം |
| (സി) അന്തർ സംസ്ഥാന ബസ് സർവ്വീസുകൾക്കുള്ള പുതിയ കരാർ ഒപ്പിടുമ്പോൾ പ്രസ്തുത ഷെഡ്യൂൾ നിർദ്ദേശവും പരിഗണിക്കാമെന്ന കെ.എസ്.ആർ.ടി.സി. അധികൃതരുടെ ഉറപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി & ഡി) തമിഴ്നാട് സർക്കാരുമായി പുതിയ ഒരു അന്തർ സംസ്ഥാന സപ്ലിമെന്ററി കരാറിൽ ഏർപ്പെടുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇരു സംസ്ഥാന സർക്കാരുകളും നടത്തുന്ന ചർച്ചയിലൂടെ മാത്രമേ ഏതൊക്കെ റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കാനാകുമെന്ന് തീരുമാനിക്കാൻ കഴിയൂ. |
| (ഡി) എങ്കിൽ ഈ വർഷം തന്നെ തമിഴ്നാട് സർക്കാരുമായുള്ള കരാറിൽ കുത്താമ്പുള്ളിയിൽ നിന്നും കോയമ്പത്തൂർ, തിരുപ്പൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള പുതിയ ബസ് സർവ്വീസുകളും പരിഗണിക്കുമോ? | |

സെക്ഷൻ ഓഫീസർ